"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കൊച്ചി നാളികേര വികസന ബോർഡിന് പാട്ടത്തിന് നൽകിയ കോതമംഗലം താലൂക്കിൽ, നേര്യമംഗലം വില്ലേജിൽ സർവ്വെ നം.732/ 1എ- 24 - ൽ പ്പെട്ട 19.32 ഹെക്ടർ, സർവ്വെ നം. 495/1 -1 ൽ പ്പെട്ട 0.68 ഹെക്ടർ വസ്തുവും കൂടി ആകെ 20 ഹെക്ടർ ഭൂമിയുടെ പാട്ടനിരക്ക് പുതുക്കിയും, പാട്ടം പുതുക്കിയും ഉത്തരവാകുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.87/2026/RD തീയതി,തിരുവനന്തപുരം, 20-02-2026

---

പരാമർശം:-

1. 23/07/1992-ലെ ജി.ഒ (എം.എസ്) നം.335/92/റവ.
2. 06.02.2016-ലെ ജി.ഒ (എം.എസ്) നം. 96/2016/ആർ.ഡി.
3. 20/02/2021-ലെ ജി.ഒ (എം.എസ്) നം.73/2021/റവ.
4. എറണാകുളം ജില്ലാ കളക്ടറുടെ 01/07/2023-ലെ DCEKM/2817/2021-L9 നം. കത്ത്.
5. 25/10/2024-ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LR7163/2022-LR(J7) നം. കത്ത്.
6. നാളികേര വികസന ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11/03/2025-ലെ D.O.F.No.HO-ADMN018/13/2021(E-1010) നമ്പർ കത്ത്.
7. നാളികേര വികസന ബോർഡ് സെക്രട്ടറിയുടെ 08/01/2026-ലെ F.No.HO-ADMN018/13/2021-Admn. നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ, കോതമംഗലം താലൂക്കിൽ, നേര്യമംഗലം വില്ലേജിൽ, സർവ്വെ നം 732/1 എ 24 ൽപ്പെട്ട 19.32 ഹെക്ടറും സർവ്വെ നം 495/1 - 1 ൽപ്പെട്ട 0.68 ഹെക്ടറും ഉൾപ്പെടെ 20 ഹെക്ടർ ഭൂമി പരാമർശം (1) -ലെ സർക്കാർ ഉത്തരവ് പ്രകാരം, 20 വർഷത്തേയ്ക്ക് 1/- രൂപ നിരക്കിൽ കേര വികസന ബോർഡിന് പാട്ടത്തിന് നൽകിയിരുന്നു. തുടർന്ന്, ടി ഭൂമിയുടെ പാട്ടക്കാലാവധി 22/07/2012-ൽ അവസാനിച്ച സാഹചര്യത്തിൽ, പരാമർശം (3) - പ്രകാരം 23/07/2012 മുതൽ 31/03/2019 വരെയുള്ള പാട്ടക്കുടിശ്ശികയായ 72,00,547/- രൂപ മൂന്ന് മാസത്തിനകം ഈടാക്കുന്നതിനും, അതിനുശേഷം പ്രസ്തുത ഭൂമിയുടെ പാട്ടം കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പുതുക്കി നൽകുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

2) പാട്ടം പുതുക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ ശുപാർശയിൽ നേര്യമംഗലം കേര വികസന ബോർഡ്, Ministry of Agriculture & Farmers Welfare -ന്റെ കീഴിലുള്ള ഒരു കേന്ദ്ര സർക്കാർ സ്ഥാപനം ആയതിനാലും, നാളികേര വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള സ്ഥാപനം ആയതിനാലും പഞ്ചായത്ത് പ്രദേശത്ത് ബാധകമാകുന്ന പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം, കൃഷി ആവശ്യത്തിന് നൽകുന്ന നിരക്കായ ഹെക്ടറിന് 750 രൂപ നിരക്കിൽ പാട്ടം, കുടിശ്ശിക ആയ തീയതി മുതൽ വാർഷിക പാട്ടം കണക്കാക്കാവുന്ന കാര്യം പരിഗണിയ്ക്കാവുന്നതാണെന്ന് റിപ്പോർട്ട് സമർപ്പിയ്ക്കുകയുണ്ടായി.

3) നാളികേര വികസന ബോർഡ് വാണിജ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ലെന്നും, കേരളത്തിലെ തെങ്ങുകർഷകർക്ക് ലഭിക്കുന്ന പ്രയോജനം പരിഗണിച്ചാണ് പാട്ടക്കരാർ പുതുക്കിക്കൊടുക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നതെന്നുമുള്ള നാളികേര വികസന ബോർഡിന്റെ അപേക്ഷ പരിഗണിച്ച്, കൃഷി ആവശ്യങ്ങൾക്കുള്ള വാർഷിക നിരക്കായ ഹെക്ടറിന് ₹750/- എന്ന നിരക്കിൽ നിലവിൽ കോതമംഗലം താലൂക്കിലെ നേര്യമംഗലം ജില്ലാ ഫാമിൽ നിന്നും നൽകിയിരുന്ന 20 ഹെക്ടർ ഭൂമി കൊച്ചി നാളികേര വികസന ബോർഡിന് അനുവദിക്കണമെന്ന് കൃഷി വകുപ്പ് ശുപാർശ ചെയ്യുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. നാളികേര വികസന ബോർഡിനു ഭൂമി നൽകിയത് കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായതിനാൽ ചട്ട പ്രകാരം കൃഷി ആവശ്യങ്ങൾക്കുള്ള നിരക്കിൽ ഭൂമി പാട്ടത്തിനു നല്കണമെന്നുള്ള കൃഷി വകുപ്പിന്റെ ആവശ്യം പരിഗണിച്ച്, കൊച്ചി നാളികേര വികസന ബോർഡിന് പാട്ടത്തിന് നൽകിയ കോതമംഗലം താലൂക്കിൽ, നേര്യമംഗലം വില്ലേജിൽ സർവ്വെ നം.732/1എ 24 -ൽ പ്പെട്ട 19.32 ഹെക്ടർ, സർവ്വെ നം. 495/1 -1 -ൽ പ്പെട്ട 0.68 ഹെക്ടർ വസ്തുവും ഉൾപ്പടെ ആകെ 20 ഹെക്ടർ ഭൂമിയ്ക്ക് 23/07/2012- മുതൽ 31/03/2019- വരെയുള്ള പാട്ടകുടിശ്ശിക കാർഷികാവശ്യത്തിനുള്ള നിരക്കായ ഹെക്ടർ ഒന്നിന് 750/- രൂപ നിരക്കിൽ പുതുക്കി നിശ്ചയിച്ച് അപ്രകാരം പരാമർശം (3) - ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്തും, 31/03/2019 മുതലുള്ള തുടർ പാട്ട നിരക്ക് കാർഷികാവശ്യത്തിനുള്ള നിരക്കിന്റെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിച്ച് 20 വർഷത്തേയ്ക്ക് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി, നാളികേര വികസന ബോർഡിന് പാട്ടം പുതുക്കി നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ .

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി ഉപപാട്ടത്തിന്/ തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

iv) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

vi) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്. പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ് .

vii) പാട്ടം മൂന്ന് വർഷത്തിലൊരിക്കൽ പുതുക്കേണ്ടതാണ്.

viii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

5) എറണാകുളം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
സെക്രട്ടറി, നാളികേര വികസന ബോർഡ്, മിനിസ്ട്രി ഓഫ് അഗ്രികൾച്ചറൽ & ഫാർമേഴ്സ് വെൽഫയർ ബോർഡ്,

ഗവൺമെന്റ് ഓഫ് ഇൻഡ്യ, കേര ഭവൻ, എസ്.ആർ.വി റോഡ്, കൊച്ചി 682 011.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
ധനകാര്യ വകുപ്പ് (റഫ. നം.E-1346243/Exp.A2/505/2019-FIN. തീയതി 19/02/2025).
കൃഷി വകുപ്പ് (റഫ. നം.എഫ്1/84/2025-അഗ്രി. തീയത് 21/11/2025).
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം.3690 തീയതി 18/02/2026).
കരുതൽ ഫയൽ (എ3/200/2019/റവ.)

ഉത്തരവിൻ പ്രകാരം
Signed by
Prathapachandran S
Date: 20-02-2026 17:34:46
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ
## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 18-02-2026**

ഫയൽ നം. എ3/200/2019/റവ. ഇനം നം: 3690

വിഷയം : റവന്യൂ വകുപ്പ് - കൊച്ചി നാളികേര വികസന ബോർഡിന് പാട്ടത്തിന് നൽകിയ കോതമംഗലം താലൂക്കിൽ, നേര്യമംഗലം വില്ലേജിൽ സർവ്വെ നം.732/1എ-24-ൽപ്പെട്ട 19.32 ഹെക്ടർ, സർവ്വെ നം.495/1-1-ൽപ്പെട്ട 0.68 ഹെക്ടർ വസ്തുവും ഉൾപ്പെടെ ആകെ 20 ഹെക്ടർ ഭൂമിയുടെ പാട്ടനിരക്ക് പുതുക്കുന്നതും, പാട്ടം പുതുക്കുന്നതും - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം -

1. അംഗീകരിച്ചു.
2. 'കമ്പോളവിലയുടെ' എന്നത് 'കാർഷികാവശ്യത്തിനുള്ള നിരക്കിന്റെ' എന്ന ഭേദഗതിയോടെ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3690

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 3/ 200/ 2019/ റവ. |
| 2 | വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. | വിഷയം | : | കൊച്ചി നാളികേര വികസന ബോർഡിന് പാട്ടത്തിന് നൽകിയ കോതമംഗലം താലൂക്കിൽ, നേര്യമംഗലം വില്ലേജിൽ സർവ്വെ നം.732/ 1എ-24 - ൽ പ്പെട്ട 19.32 ഹെക്ടർ, സർവ്വെ നം. 495/1 -1 ൽ പ്പെട്ട 0.68 ഹെക്ടർ വസ്തുവും ഉൾപ്പടെ ആകെ 20 ഹെക്ടർ ഭൂമിയുടെ പാട്ടനിരക്ക് പുതുക്കുന്നതും, പാട്ടം പുതുക്കുന്നതും - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 05/ 02/ 2026 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. കൃഷി വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീ.അനു.എസ്.നായർ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്യം |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16/ 02/ 2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16/ 02/ 2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 16/ 02/ 2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17/ 02/ 2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കൊച്ചി നാളികേര വികസന ബോർഡിന് പാട്ടത്തിന് നൽകിയ കോതമംഗലം താലൂക്കിൽ, നേര്യമംഗലം വില്ലേജിൽ സർവ്വെ നം.732/ 1എ- 24 - ൽ പ്പെട്ട 19.32 ഹെക്ടർ, സർവ്വെ നം. 495/1-1 ൽ പ്പെട്ട 0.68 ഹെക്ടർ വസ്തുവും കൂടി ആകെ 20 ഹെക്ടർ ഭൂമിയുടെ പാട്ടനിരക്ക് പുതുക്കുന്നതും, പാട്ടം പുതുക്കുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്

2) എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ നേര്യമംഗലം വില്ലേജിൽ സർവ്വെ നം 732/1 എ 24 ൽപ്പെട്ട 19.32 ഹെക്ടറും സർവ്വെ നം 495/1 - 1 ൽപ്പെട്ട 0.68 ഹെക്ടറും ഉൾപ്പെടെ 20 ഹെക്ടർ ഭൂമി 23/07/92 ലെ ജി.ഒ (എം.എസ്) നം. 335/92/റവ നമ്പർ ഉത്തരവ് പ്രകാരം 20 വർഷത്തേയ്ക്ക് 1 /- രൂപ നിരക്കിൽ കേര വികസന ബോർഡിന് പാട്ടത്തിന് നൽകിയിരുന്നു. തുടർന്ന്, ടി ഭൂമിയുടെ പാട്ടക്കാലാവധി 22/07/2012-ൽ അവസാനിച്ച സാഹചര്യത്തിൽ, 20/02/2021 ലെ G.O.(Ms) 73/2021/REV ഉത്തരവ് പ്രകാരം 23/07/2012 മുതൽ 31/03/2019 വരെയുള്ള പാട്ടക്കുടിശ്ശികയായ 72,00,547/- രൂപ മൂന്ന് മാസത്തിനകം ഈടാക്കുന്നതിനും, അതിനുശേഷം പ്രസ്തുത ഭൂമിയുടെ പാട്ടം കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പുതുക്കി നൽകുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് മന്ത്രിസഭയുടെ അനുമതിയോടെ ഉത്തരവ് പുറപ്പെടുവിച്ചു.

3) പാട്ടം പുതുക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ ശുപാർശയിൽ നേര്യമംഗലം കേര വികസന ബോർഡ്, Ministry of Agriculture & Farmers Welfare -ന്റെ കീഴിലുള്ള ഒരു കേന്ദ്ര സർക്കാർ സ്ഥാപനം ആയതിനാലും, നാളികേര വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള സ്ഥാപനം ആയതിനാലും പഞ്ചായത്ത് പ്രദേശത്ത് ബാധകമാകുന്ന 06/02/2016-ലെ ജി.ഒ (എം.എസ്) നം. 96/2016/ആർ.ഡി പ്രകാരം കൃഷി ആവശ്യത്തിന് നൽകുന്ന നിരക്കായ ഹെക്ടറിന് 750 രൂപ നിരക്കിൽ പാട്ടം, കുടിശ്ശിക ആയ തീയതി മുതൽ വാർഷിക പാട്ടം കണക്കാക്കുന്ന കാര്യം പരിഗണിയ്ക്കാവുന്നതാണെന്ന് റിപ്പോർട്ട് സമർപ്പിയ്ക്കുകയുണ്ടായി.

4) ഈ വിഷയത്തിൽ, ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*" നേര്യമംഗലം വില്ലേജ് സർവ്വെ നം 732/1 എ - 24 ൽപ്പെട്ട 19.32 ഹെക്ടറും സർവ്വെ നം 495/1-ൽപ്പെട്ട 0.68 ഹെക്ടറും ഉൾപ്പടെ 20 ഹെക്ടർ ഭൂമിയുടെ പാട്ടം 06.02.2016-ലെ*

*ജി . ഒ ( എം . എസ് ) നം . 96/2016/ ആർ . ഡി പ്രകാരം കൃഷി ആവശ്യത്തിന് നൽകുന്ന നിരക്കായ പ്രതിവർഷം ഹെക്ടറിന് 750 രൂപ നിരക്കിൽ പാട്ടം കുടിശിക കണക്കാക്കുന്നതിനോട് ധനവകുപ്പിന് യോജിക്കാൻ കഴിയില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു .*

*ഇതിന് ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് "*

5) ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ കൃഷി വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*" നാളികേര വികസന ബോർഡ് വാണിജ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ലെന്നും, കേരളത്തിലെ തെങ്ങുകർഷകർക്ക് ലഭിക്കുന്ന പ്രയോജനം പരിഗണിച്ചാണ് പാട്ടക്കരാർ പുതുക്കിക്കൊടുക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നതെന്നുമുള്ള നാളികേര വികസന ബോർഡിന്റെ അപേക്ഷ പരിഗണിച്ച് , കൃഷി ആവശ്യങ്ങൾക്കുള്ള വാർഷിക നിരക്കായ ഹെക്ടറിന് ₹750/- എന്ന നിരക്കിൽ നിലവിൽ കോതമംഗലം താലൂക്കിലെ നേര്യമംഗലം ജില്ലാ ഫാമിൽ നിന്നും നൽകിയിരുന്ന 20 ഹെക്ടർ ഭൂമി കൊച്ചി നാളികേര വികസന ബോർഡിന് അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്ന ഭരണവകുപ്പിനെ അറിയിക്കുന്നു "*

6) നാളികേര വികസന ബോർഡിനു ഭൂമി നൽകിയത് കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായതിനാൽ ചട്ട പ്രകാരം കൃഷി ആവശ്യങ്ങൾക്കുള്ള നിരക്കിൽ ഭൂമി പാട്ടത്തിനു നല്കണമെന്നുള്ള കൃഷി വകുപ്പിന്റെ ആവശ്യം മന്ത്രിസഭയുടെ അനുമതിയോടെ തീരുമാനിക്കാവുന്നതാണെന്ന ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ നിർദ്ദേശത്തെ തുടർന്ന് 23/07/2012 മുതൽ 31/03/2019 വരെയുള്ള പാട്ടകുടിശിക കൃഷി ആവശ്യത്തിന് നൽകുന്ന നിരക്ക് പരിഗണിക്കാവുന്നതാണെന്നും, 31/03/2019-ന് ശേഷമുള്ള തുടർ പാട്ടക്കാലം, ഭൂമിയുടെ പാട്ടം കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പുതുക്കി നൽകാൻ നിശ്ചയിക്കാവുന്നതാണെന്നും ഈ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാനും ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

1) ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കൊച്ചി നാളികേര വികസന ബോർഡിന് പാട്ടത്തിന് നൽകിയ കോതമംഗലം താലൂക്കിൽ, നേര്യമംഗലം വില്ലേജിൽ സർവ്വെ നം.732/1എ 24 -ൽ പ്പെട്ട 19.32 ഹെക്ടർ, സർവ്വെ നം. 495/1 -1 -ൽ പ്പെട്ട 0.68 ഹെക്ടർ വസ്തുവും ഉൾപ്പടെ ആകെ 20 ഹെക്ടർ ഭൂമിയ്ക്ക് 23/07/2012- മുതൽ 31/03/2019- വരെയുള്ള പാട്ടകുടിശ്ശിക കാർഷികാവശ്യത്തിനുള്ള നിരക്കായ ഹെക്ടർ ഒന്നിന് 750/- രൂപ നിരക്കിൽ പുതുക്കി നിശ്ചയിച്ച് 20/02/2021 ലെ GO(MS) No. 73/2021/റവ നമ്പർ ഉത്തരവ് ഭേദഗതി വരുത്താമോ ?

2) 31/03/2019 മുതലുള്ള തുടർ പാട്ട നിരക്ക് കമ്പോള വിലയുടെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിച്ച് 20 വർഷത്തേയ്ക്ക് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി , കൊച്ചി നാളികേര വികസന ബോർഡിന് പാട്ടം പുതുക്കി നൽകാമോ ?

**നിബന്ധനകൾ**

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ .

ii)ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി ഉപപാട്ടത്തിന്/ തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

iv) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളു. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

vi) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്. പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

vii) പാട്ടം മൂന്ന് വർഷത്തിലൊരിക്കൽ പുതുക്കേണ്ടതാണ്.

viii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കൊച്ചി കേര വികസന ബോർഡ് ഡയറക്ടറുടെ പേരിൽ പാട്ടത്തിന് അനുവദിച്ചിട്ടുള്ള നേര്യമംഗലം വില്ലേജിലെ 20 ഹെക്ടർ ഭൂമിയുടെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനും, പ്രസ്തുത ഭൂമിയുടെ പാട്ടം കമ്പോള വിലയുടെ അടിസ്ഥാനത്തിൽ പുതുക്കി നൽകുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

റവന്യൂ (എ) വകുപ്പ്

സ.ഉ.(കൈ) നം.73/2021/റവ. തീയതി, തിരുവനന്തപുരം, 20/02/2021

പരാമർശം:- 1 23.07.92ലെ സ.ഉ(കൈ) നം.335/92/റവ ഉത്തരവ്

2 ലാന്റ് റവന്യൂ കമ്മീഷണറുടെ 10.06.2019 ലെയും 15.09.2020ലെയും എൽ.ആർ.ജെ7 7253/17 നമ്പർ കത്ത്.

ഉത്തരവ്

നേര്യമംഗലം വില്ലേജ് സർവ്വെ നം.732/1 എ-24ൽപ്പെട്ട 19.32 ഹെക്ടറും സർവ്വെ നം. 495/1-1ൽപ്പെട്ട 0.68ഹെക്ടറും ഉൾപ്പടെ 20 ഹെക്ടർ വസ്തു, പരാമർശം (1) ഉത്തരവ് പ്രകാരം 20 വർഷത്തേയ്ക്ക് ഒരു രൂപ നിരക്കിൽ കൊച്ചി കേര വികസന ബോർഡ് ഡയറക്ടറുടെ പേരിൽ പാട്ടത്തിന് അനുവദിച്ച നല്കിയിരുന്നു,

2. പ്രസ്തുത 20ഹെക്ടർ ഭൂമിയുടെ പാട്ടക്കാലാവധി 22.07.12ൽ അവസാനിച്ചിട്ടുള്ളതാണെന്നും, ടി ഭൂമി കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡിന്റെ കൈവശത്തിലാണെന്നും, ടി ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ലായെന്നും, പാട്ടക്കാലാവധി നീട്ടാവുന്നതാണെന്നും, 23.7.12 മുതൽ 31.3.2019 വരെയുള്ള പാട്ടക്കുടിശ്ശികയായ 72,00,547/- രൂപ ടി സ്ഥാപനത്തിൽ നിന്നും ഈടാക്കാവുന്നതാണ് എന്നും പരാമർശം (2) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി കേര വികസന ബോർഡ് ഡയറക്ടറുടെ പേരിൽ പാട്ടത്തിന് അനുവദിച്ചിട്ടുള്ള നേര്യമംഗലം വില്ലേജ് സർവ്വെ നം.732/1 എ-24ൽ പ്പെട്ട 19.32 ഹെക്ടറും, സർവ്വെ നം. 495/1-1ൽ പ്പെട്ട 0.68ഹെക്ടറും ഉൾപ്പടെ 20 ഹെക്ടർ ഭൂമിയുടെ പാട്ടക്കാലാവധി 22.07.12 ൽ അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ ടി ഭൂമിയുടെ പാട്ടം 31.3.2019 വരെ പുതുക്കി നൽകുന്നതിനും, 23.7.12 മുതൽ 31.3.2019 വരെയുള്ള പാട്ടക്കുടിശ്ശികയായ 72,00,547/- രൂപ (എഴുപത്തിരണ്ടുലക്ഷത്തി അഞ്ഞൂറ്റിനാൽപത്തിഏഴ് രൂപ മാത്രം)3 മാസത്തിനകം ഈടാക്കുന്നതിനും, തുടർന്ന് പ്രസ്തുത ഭൂമിയുടെ പാട്ടം കമ്പോള വിലയുടെ അടിസ്ഥാനത്തിൽ പുതുക്കി നൽകുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിനും ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ .എ .ജയതിലക് ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

1. ഡയറക്ടർ, കേര വികസന ബോർഡ്, കേര ഭവൻ, കൊച്ചി 682011
2. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, എറണാകുളം.
4. ധനകാര്യ വകുപ്പ് (EXP-A2/505/2019-FIN dated 04.12.2019)
5. കൃഷി വകുപ്പ്
6. പൊതുഭരണ (എസ്.സി) വകുപ്പ് (17.02.2021ലെ ഇനം നം. 4721)
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
8. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by PREMCHAND C P
Date: 2021.02.20 15:06:11 IST
Reason: Approved
സെക്ഷൻ ഓഫീസർ